"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ശ്രീമതി ശ്രീദേവി എസ് നായർ, മൾട്ടിടാസ്കിംഗ് ഓഫീസർ, ശ്രീ കൃഷ്ണകുമാർ എൻ, ഡ്രൈവർ എന്നിവരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.353/2025/DMD തീയതി 27-05-2025,തിരുവനന്തപുരം

---

പരാമർശം:- 1) 30/01/2020 തീയതിയിലെ സ.ഉ.(സാധാ) നം.133/2020/ഡിഎംഡി

2) 23/05/2024 തീയതിയിലെ സ.ഉ.(സാധാ) നം.410/2024/ഡിഎംഡി

3) 26/07/2024 തീയതിയിലെ സ.ഉ.(സാധാ) നം.521/2024/ഡിഎംഡി

4) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 24.04.2025 തീയതിയിലെ MTO VI/131/2025/Admin നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ 3 മൾട്ടി ടാസ്കിംഗ് ഓഫീസർമാരുടെ (MTO) തസ്തികകൾക്ക് അംഗീകാരം നൽകുകയും മേൽതസ്തികയിലേയ്ക്ക് ശ്രീമതി.ശ്രീദേവി എസ് നായരെ 11/05/2022 തീയതി പ്രാബല്യത്തിൽ മൾട്ടിടാസ്കിംഗ് ഓഫീസറായി ആയി നിയമിക്കുകയും ചെയ്തിരുന്നു. അതിനുശേഷം വിവിധ ഉത്തരവുകൾ പ്രകാരം ടിയാളുടെ കരാർ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. ശ്രീമതി.ശ്രീദേവിയുടെ നിലവിലെ കരാർ കാലാവധി 13/05/2025 തീയതി അവസാനിച്ചതിനാൽ കരാർ നീട്ടിനൽകുന്നതിനായി മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

ദുരന്തനിവാരണ കമ്മീഷണറുടെ ഔദ്യോഗിക വാഹനമായ KL-30A-8182 Mahindra Xyloയുടെ ഡ്രൈവറായി ജോലി നോക്കി വരുന്ന ശ്രീ. കൃഷ്ണകുമാറിന്റെ കരാർ കാലാവധി, പരാമർശം (2) ഉത്തരവ് പ്രകാരം, 23/07/2024 തീയതി പ്രാബല്യത്തിൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത കരാർ കാലാവധി 22/7/2025 തീയതി അവസാനിക്കുന്നതിനാൽ കരാർ നീട്ടിനൽകുന്നതിനായി മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ മൾട്ടിടാസ്കിംഗ് ഓഫീസറായ ശ്രീമതി ശ്രീദേവി എസ് നായരുടെ കരാർ കാലാവധി 14/05/2025ന് ഒരു ദിവസത്തെ ഇടവേള നൽകി 15/05/2025 മുതൽ ഒരു വർഷത്തേയ്ക്കും ഡ്രൈവറായ ശ്രീ കൃഷ്ണകുമാർ എൻ എന്നിവരുടെ കരാർ കാലാവധി 23/07/2025-ന് ഒരു ദിവസത്തെ ഇടവേള നൽകി 24/07/2025 മുതൽ ഒരു വർഷത്തേയ്ക്കും

ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ദുരന്ത നിവാരണം
മെമ്പർ സെക്രട്ടറി, KSDMA
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( മെമ്പർ സെക്രട്ടറി, KSDMA മുഖേനെ )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 27-05-2025 10:35:03
സെക്ഷൻ ഓഫീസർ